# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് - തിരുവനന്തപുരം 695014.**

**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - ksta.state@gmail.com**

---

പ്രസിദ്ധീകരണത്തിന് ;
തിരുവനന്തപുരം, 2015 July 25

## അന്യായമായ സ്ഥലംമാറ്റവും സസ്പെൻഷനും റദ്ദുചെയ്യുക

**- കെ എസ് ടി എ**

കോഴിക്കോട് കൈതപ്പൊയിൽ ഗവ. യു പി സ്കൂൾ പ്രധാനാധ്യാപികയും കെ എസ് ടി എ സംസ്ഥാനകമ്മിറ്റി അംഗവുമായ വി പി ഇന്ദിരയെയും കെ എസ് ടി എ കോഴിക്കോട് ജില്ലാ എക്സി. കമ്മിറ്റി അംഗവും പടനിലം ഗവൺമെന്റ് സ്കൂൾ പ്രധാനാധ്യാപകനുമായ വി ജെ അബ്രഹാമിനെയും അന്യായമായി സ്ഥലംമാറ്റം ചെയ്യുകയും തുടർന്ന് സസ്പെന്റ് ചെയ്യുകയും ചെയ്ത നടപടിയിൽ കെ എസ് ടി എ സംസ്ഥാന കമ്മിറ്റി ശക്തമായി പ്രതിഷേധിച്ചു. അന്യായമായ സ്ഥലംമാറ്റം റദ്ദുചെയ്യണമെന്നാവശ്യപ്പെട്ടുകൊ് കെ എസ് ടി എ യുടെ നേതൃത്വത്തിൽ കോഴിക്കോട് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുമായി നടന്ന ചർച്ചയെത്തുടർന്ന് സ്ഥലംമാറ്റ ഉത്തരവ് റദ്ദ് ചെയ്തു. എന്നാൽ രാഷ്ട്രീയമായ ഇടപെടലിന്റെ ഭാഗമായി വിദ്യാഭ്യാസവകുപ്പ് സ്ഥലംമാറ്റത്തിന് വിധേയരായ രുപേരെയും സസ്പെന്റ് ചെയ്തുകൊ് ഉത്തരവിറക്കുകയാണ് ചെയ്തത്. കൈതപ്പൊയിൽ ഗവ. യു പി സ്കൂൾ പി ടി എ പ്രസിഡന്റ് വ്യാജപരാതിയുാക്കി രാഷ്ട്രീയമായി ഇടപെടൽ നടത്തിയാണ് ഇത്തരത്തിലുള്ള നടപടി ഉായിട്ടുള്ളത്. സ്ഥലംമാറ്റവും സസ്പെൻഷനും അടിയന്തിരമായി റദ്ദുചെയ്യണമെന്ന് സംസ്ഥാന കമ്മിറ്റി ആവശ്യപ്പെടുന്നു. പൊതുവിദ്യാഭ്യാസ മേഖലയിൽ നിലനിൽക്കുന്ന സമാധാന അന്തരീക്ഷം തകർക്കുന്ന ഇത്തരം നടപടിയിൽ നിന്നും പൊതുവിദ്യാഭ്യാസവകുപ്പ് അടിയന്തിരമായി പിന്മാറണം. അല്ലാത്ത പക്ഷം സംസ്ഥാന വ്യാപകമായി ശക്തമായ പ്രക്ഷോഭവുമായി മുന്നോട്ട് പോകേിവരുമെന്ന് കെ എസ് ടി എ ജനറൽ സെക്രട്ടറി കെ സി ഹരികൃഷ്ണൻ പ്രസ്താവനയിലൂടെ മുന്നറിയിപ്പ് നൽകി.

**കെ സി ഹരികൃഷ്ണൻ**
ജനറൽ സെക്രട്ടറി